നമ്പർ: 33/2025

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തു പട്ടക്കാർക്കും, പള്ളികൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്വ്!

പ്രിയരെ,

പരിശുദ്ധ സഭയുടെ സത്യവിശ്വാസം സംരക്ഷിക്കുന്നതിനും, സ്വാതന്ത്ര്യം പരിരക്ഷിക്കുന്നതിനുമായി സ്വജീവിതം സമർപ്പിച്ച പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് തിരുമേനിയെ പ. സഭയ്ക്ക് ഒരിക്കലും വിസ്മരിക്കാനാവുകയില്ല. ദൈവാശ്രയത്തോടും സമർപ്പണത്തോടുംകൂടെ ആത്മീക ജീവിതനിഷ്ഠ പാലിച്ച ആ വിശുദ്ധ പിതാവ് അങ്ങേയറ്റം അനുകരണീയമായ ഒരു മാതൃക പകർന്നുതന്ന് പ്രതിസന്ധികൾക്കും അനിശ്ചിതത്വത്തിനുമിടയിൽ പ്രാർത്ഥനാ ജീവിത നിഷ്ഠയോടും തപ:ശക്തിയോടും കൂടെ ജീവിതം നയിച്ച്, ഇപ്പോൾ ദൈവമുമ്പാകെ നമുക്കുവേണ്ടി പ്രാർത്ഥന അണയ്ക്കുന്നു. പരിശുദ്ധ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് പിതാവിന്റെ 91-ാം ഓർമ്മപ്പെരുന്നാൾ 2025 ഫെബ്രുവരി 23, 24 (ഞായർ, തിങ്കൾ) തീയതികളിൽ അദ്ദേഹം കബറടങ്ങിയിരിക്കുന്ന കോട്ടയം പഴയസെമിനാരി ചാപ്പലിൽ ആചരിക്കുകയാണ്.

പെരുന്നാൾ ചടങ്ങുകൾക്ക് നാമും നമ്മുടെ സഹോദര മെത്രാപ്പോലീത്താമാരും നേതൃത്വം നൽകുന്നതാണ്. ഭാസുര ദീപ്തി പരത്തിയ പരിശുദ്ധ പിതാവിന്റെ ജീവിത ദർശനങ്ങൾ നമ്മുടെ ജീവിതത്തിന് മാർഗദർശനം നൽകട്ടെ. ഈ പെരുന്നാളിൽ എല്ലാ ഇടവകകളിൽ നിന്നും വിശ്വാസികൾ സംബന്ധിക്കണമെന്നും ഓർമ്മിപ്പിക്കുന്നു. മലങ്കര സഭയുടെ പ്രഖ്യാപിത പരിശുദ്ധനായ ഈ പിതാവിന്റെ ഓർമ്മപ്പെരുന്നാൾ ഭക്ത്യാദരപൂർവ്വം എല്ലാ ഇടവകകളിലും ആചരിക്കുവാനുള്ള ക്രമീകരണങ്ങളും ചെയ്യണം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ....................

2025 ഫെബ്രുവരി മാസം 05-ാം തീയതി

കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും.

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**